**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 936** **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവി സംഘര്‍ഷം നിയന്ത്രിക്കല്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണന്‍ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സംഘര്‍ഷം വനാതിര്‍ത്തിയില്‍ ഉള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികള്‍ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വിശദാംശങ്ങള്‍ നല്‍കുമോ? | (എ) | വന്യജീവി സംഘര്‍ഷം വനാതിര്‍ത്തിയില്‍ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികള്‍ സ്വീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി 14.09.2021 തീയതിയില്‍ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തില്‍ ഒരു അടിയന്തര യോഗം വിളിച്ചു ചേര്‍ത്തിരുന്നു. സംസ്ഥാനത്തെ വനാതിര്‍ത്തികളോട് ചേര്‍ന്ന് ഉണ്ടാകുന്ന മനുഷ്യവന്യജീവി സംഘര്‍ഷം മൂലമുള്ള മരണങ്ങള്‍, കൃഷിനാശം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് വനം വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി ആലോചിച്ച് ത്രിതല പഞ്ചായത്തുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തി, തൊഴിലുറപ്പ് പദ്ധതികൂടി ഉള്‍പ്പെടുത്തിക്കൊണ്ട് പരിഹാര മാര്‍ഗ്ഗങ്ങള്‍ സ്വീകരിക്കേണ്ടതിന്‍റെ ആവശ്യകതയെപ്പറ്റി വനം വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിഷയത്തില്‍ സത്വര നടപടികള്‍ ഉണ്ടാകുന്നതിനും ഇതിനായി ജില്ലതിരിച്ച് കാര്യനിര്‍വ്വഹണത്തിനായി ബന്ധപ്പെട്ട അധികാരികളെ നിയോഗിക്കുന്നതിനും ആവശ്യമായ പ്രരംഭ യോഗങ്ങള്‍ ചേരുന്നതിനെപ്പറ്റി യോഗത്തില്‍ ചര്‍ച്ച ചെയ്തിട്ടുണ്ട്. നിലവില്‍ വകുപ്പ് സ്വീകരിച്ചുവരുന്ന മാര്‍ഗ്ഗങ്ങളെപ്പറ്റി പഞ്ചായത്ത് തലത്തില്‍ അവബോധം നല്‍കിക്കൊണ്ട് വനം വകുപ്പ് ഈ പദ്ധതി നടപ്പില്‍ വരുത്തുന്നതിനും ജില്ലാടിസ്ഥാനത്തില്‍ യോഗം ചേരുമ്പോള്‍ എം.എല്‍.എമാരെയും, പഞ്ചായത്ത് പ്രസിഡന്‍റ്, സെക്രട്ടറി, എന്നിവരെയും ഉള്‍പ്പെടുത്തുന്നതിനും വനം വകുപ്പില്‍ നിന്നും പ്രിന്‍സിപ്പല്‍ ചീഫ് ഫോറസ്റ്റ് കണ്‍സര്‍വേറ്റര്‍ (പി & ഡി) യെ പദ്ധതി ഏകോപന ചുമതല നല്‍കുന്നതിനും യോഗത്തില്‍ തീരുമാനമായിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘര്‍ഷം ലഘൂകരിക്കുന്നതിന് വനാതിര്‍ത്തി പങ്കിടുന്ന |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളിൽ തദ്ദേശീയരും ജന പ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ സ.ഉ.(സാധാ)നം. 51/2017/വനം തീയതി 07.02.2017 പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ച് വരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് / മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും, ഗ്രാമ പഞ്ചായത്ത് വൈസ്പ്രസിഡൻറ് / മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 246 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ജനജാഗ്രതാ സമിതികൾക്ക് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിൽ ഉള്ള ഉത്തരവാദിത്വങ്ങളും കടമകളും ചുവടെ ചേർക്കുന്നു. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിൻറെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക. മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി വേണ്ട ശുപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക. നിലവിൽ നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മറ്റിയിൽ ചർച്ചചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക. വന്യജീവി ആക്രമണം ഉണ്ടാകുന്ന പക്ഷം സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിൻറെ നടപടികളിൽ പങ്കാളികളാകുക. വന്യജീവികൾ കാടിന് പുറത്തേയ്ക്ക് വരുന്നത് തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്.അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തക്ഷമത ഉറപ്പ് വരുത്തുക. |

സെക്ഷൻ ഓഫീസർ